## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3693

11.11.2019-ൽ മറുപടിയ്ക്ക്

### "ദൃശ്യ മാധ്യമങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ"

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് 2010 ജനുവരി മുതൽ നാളിതു വരെ എത്ര വാർത്താ ചാനലുകൾ, പത്രങ്ങൾ, വിനോദ ചാനലുകൾ എന്നിവ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) ടിവിചാനലുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗും, പത്രങ്ങളുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ കേന്ദ്ര സർക്കാരിന്റെ രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഫോർ ഇൻഡ്യയുമാണ് കൈകാര്യം ചെയ്യുന്നത് . |
| (ബി) സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർക്ക് വേജ് ബോർഡ് നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) വർക്കിംഗ് ജേർണലിസ്റ്റ് & അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കൺഡീഷൻസ് ഓഫ് സർവ്വീസ്) & മിസല്ലേനിയസ് പ്രൊവിഷൻസ് ആക്ട് 1955 ന്റെ 2(സി) യിലെ എംപ്ളോയി എന്ന നിർവ്വചനത്തിൽ സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർ ഉൾപ്പെടുന്നില്ല. അതുകൊണ്ട് സാറ്റലൈറ്റ് ചാനലുകളിലെ ജീവനക്കാർക്ക് വേജ് ബോർഡ് ബാധകമല്ല. |
| (സി) പത്ര-മാധ്യമങ്ങളിലെ നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ സ്കീം ദൃശ്യ മാധ്യമങ്ങളിലെ ജീവനക്കാർക്കു കൂടിനൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) ടെലിവിഷൻ ചാനലുകളിലെ നോൺ ജേർണലിസ്റ്റ് വിഭാഗത്തിന് നിലവിൽ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകുന്നില്ല. പുതിയതായി കൂടുതൽ പേരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് നിലവിൽ പ്രായോഗികമല്ല. 2008ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02.02.2016 ലെ |

ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ നം. ഉത്തരവ് മുഖേന കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. ഈ വിഭാഗത്തിന് പ്രസ്തുത പദ്ധതിയിൽ അംഗത്വം സ്വീകരിക്കാവുന്നതാണ്. ഈ ക്ഷേമ പദ്ധതി മുഖേന റിട്ടയർമെൻറ് ആനുകൂല്യവും കുടുംബ പെൻഷൻ, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം തുടങ്ങിയവ ലഭ്യമാകും.

സെക്ഷൻ ഓഫീസർ